## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1243** **04-07-2022 - ൽ മറുപടിയ്ക്ക്**

## ഞാവലിൻ കടവ് പാലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ഞാവലിൻ കടവ് പാലം നിർമ്മിക്കുന്നതിലേക്കായി ഒറ്റപ്പാലം താലൂക്കിലെ ലക്കിടി പേരൂർ വില്ലേജിലെ നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനുവേണ്ടി പ്രസ്തുത പാലത്തിന്റെ എലിവേറ്റഡ് സ്ട്രക്ച്ചർ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഞാവലിൻ കടവ് പാലത്തിന്റെ എലിവേറ്റഡ് സ്ട്രക്.ച്ചറിനുള്ള Tentative General Design Drawing ലഭിച്ചിട്ടുണ്ട്. ടി പാലത്തിന്റെ ലക്കിടി പേരൂർ പഞ്ചായത്തിന്റെ ഭാഗത്ത് എലിവേറ്റഡ് ഹൈവേയ്ക്ക് ആവശ്യമായ സ്ഥലം, നിലം പരിവർത്തനപ്പെട്ട ത്തുന്നതിനായി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി വകുപ്പിൽ അപേക്ഷ സമർപ്പിച്ചതിൽ ഇരിപ്പ കൃഷി ചെയ്യുന്ന സ്ഥലം പരിവർത്തനപ്പെടുത്തിയാൽ നെൽകൃഷിയെ സാരമായി ബാധിക്കുന്നതും, ജലസംഭരണി ആയതിനാൽ നികത്തപ്പെടുന്നത് ദൂരവ്യാപകമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടവരുത്തുമെന്നും, ടി പ്രദേശം പാരിസ്ഥിതിക പ്രാധാന്യമുള്ളതും, ഭൂമിശാസ്ത്രപരമായി ശുദ്ധജല സംഭരണികളായി നിലകൊള്ളേണ്ടതും, മഴനിഴൽ പ്രദേശമാണെന്നും, മൺസൂൺ കാലങ്ങളിൽ മഴക്കൊയ്ത്ത് പ്രദേശമാണെന്നും ഇത്തരത്തിൽ ഭൂഗർഭ ജലസ്രോതസ്സ് വർദ്ധിപ്പിച്ച് നിലകൊള്ളുന്നതിനാലാണ് സമീപ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെട്ടിട്ടും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതെന്നും, പ്രസ്തുത നിലം പാരിസ്ഥിതിക വ്യവസ്ഥയുടേയും ആവാസ വ്യവസ്ഥയുടേയും പല ജൈവ ഘടകങ്ങളുടേയും ഇടമാണെന്നും ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നാച്ചർ ആന്റ് നാച്ചറൽ റീസോർസസ് എന്ന സംഘടനയിലെ റെഡ് ലിസ്റ്റിൽ ഉൾപ്പെട്ട പ്രത്യേകതരം പക്ഷികളുടെ പലതരം സ്പീഷീസ് കാണപ്പെടുന്ന പ്രദേശമാണെന്നും ബോദ്ധ്യപ്പെട്ടതായും ഇത്തരത്തിൽ ഭക്ഷ്യ ജല-സുരക്ഷ പാരിസ്ഥിതിക ജൈവ വൈവിദ്ധ്യ മാനദണ്ഡങ്ങളിൽ പ്രസ്തുത പ്രദേശം അത്യധികം പ്രാധാന്യമർഹിക്കുന്ന പ്രദേശമാണെന്നും, യാതൊരു തരത്തിലുള്ള പരിവർത്തനങ്ങളും പ്രസ്തുത പ്രദേശത്ത് |

| | | | |
|---|---|---|---|
| | | | അനുവദനീയമല്ലെന്നും ഏതു തരത്തിലുള്ള മാറ്റങ്ങളും ദൂരവ്യാപകമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നും പ്രദേശത്തെ ശുദ്ധജല ലഭ്യത എന്നെന്നേക്കുമായി ഇല്ലാതാക്കുമെന്നുമുള്ള 16/07/2021 ൽ കൂടിയ കേരളതണ്ണീർത്തട സംരക്ഷണനിയമം 2008 പ്രകാരം രൂപീകൃതമായ സംസ്ഥാനതല സമിതിയുടെ നിരീക്ഷണത്തെത്തുടർന്ന് കൃഷിവകുപ്പ് നിരസിക്കുകയുണ്ടായി. ടി വിഷയം പുന:പരിശോധിക്കണമെന്ന് കൃഷി വകുപ്പിനോട് ആവശ്യപ്പെട്ടതിൽ ഈ വിഷയം പുന:പരിശോധിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | ആയത് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്ന് സമർപ്പിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിലും ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിലും (പാലങ്ങൾ) നിലവിലുള്ള ഫയലുകളുടെ നമ്പർ തരംതിരിച്ച് നൽകാമോ; | (സി) | 1. പൊതുമരാമത്ത് വകുപ്പിലെ PWD-D2/348/2019-PWD, PWD-D2/135/2022-PWD നം ഫയലുകൾ<br>2. പാലക്കാട് ജില്ലയിലെ സ്പെഷ്യൽ തഹസിൽദാർ കാര്യാലയത്തിലെ എൽ.എ (ജനറൽ) എൽ.എ-1 നമ്പർ ഫയൽ<br>3. പാലക്കാട് ജില്ലയിലെ സ്പെഷ്യൽ തഹസിൽദാർ കാര്യാലയത്തിലെ എൽ.എ (ജനറൽ)A-162/21 നമ്പർ ഫയൽ<br>4. ധനകാര്യ വകുപ്പിലെ PB-A3/5/2021/Fin നമ്പർ ഫയൽ<br>5. epmg Portal No.ID#8760(Project ID#KL-3432).<br>6. CE Bridges വിഭാഗത്തിലെ File No.CEPWD/524/2022-AB3-Bridges, Computer No.35018. |
| (ഡി) | പ്രസ്തുത പാലത്തിന്റെ ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | റീവാലിഡേഷൻ പ്രപ്പോസൽ സർക്കാരിലേയ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ